കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണവകുപ്പ് - തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത്-2012-13 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ആംബുലൻസ് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ.(സാധാ)നം. 81/13/തസ്വഭവ തിരുവനന്തപുരം, തീയതി. 10.01.2013

---

പരാമർശം:-(1)തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 12.12.12 ലെ എ1/6093/12 നമ്പർ കത്ത്

(2) തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 7/8/12 തീയതിയിലെ സാധാരണ മീറ്റിംഗിലെ 12(22)-ാം നമ്പർ തീരുമാനം.

(3) പഞ്ചായത്ത് ഡയറക്ടറുടെ 18.12.12 ലെ ജി1-38224/12 നമ്പർ കത്ത്.

**ഉത്തരവ്**

തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2012-13 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഒരു ആംബുലൻസ് വാങ്ങുന്നതിനുള്ള അനുമതിക്കായി പരാമർശം ഒന്ന് പ്രകാരം തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2012-13 വാർഷിക പദ്ധതിയിലുൾപ്പെടുത്തി പഞ്ചായത്തിന്റെ വികസന ഫണ്ട് ഉപയോഗിച്ച് ഒരു ആംബുലൻസ് വാങ്ങി പ്രദേശത്തെ സർക്കാർ ആശുപത്രിക്കോ, പ്രാഥമികാരോഗ്യകേന്ദ്രത്തിനോ കൈമാറണമെന്നും പരിപാലന ചുമതല ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയ്ക്ക് ആയിരിക്കണമെന്നുമുള്ള നിബന്ധനയ്ക്ക് വിധേയമായി ആംബുലൻസ് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സി.വത്സല
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽബിഎ&എ), തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത്, പാലക്കാട്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ